**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6808** **11-07-2024 - ൽ മറുപടിയ്ക്ക്**

**വീടുകൾ പൂർണമായും നഷ്ടപ്പെട്ടവരുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ തീരപ്രദേശങ്ങളിൽ കടൽക്ഷോഭ വും മറ്റ് കാരണങ്ങൾകൊണ്ടും വീടുകൾ പൂർണമായി നഷ്ടപ്പെട്ട് വീട് വിട്ട് പോകേണ്ടിവന്നവരുടെയും ക്യാമ്പുകളിൽ കഴിയുന്നവരുടെയും പുനരധിവാസം സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ലയിൽ കടലാക്രമണത്തിൽ വീട് നഷ്ടപ്പെട്ട 5 കുടുംബങ്ങൾ താൽക്കാലിക ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നുണ്ട്. മറ്റ ജില്ലകളിൽ ആരും തന്നെ താൽക്കാലിക ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നില്ല. തിരുവനന്തപുരം ജില്ലയിൽ ആറ് മാസത്തിൽ അധികമായി ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്ന 4 കുടുംബങ്ങൾ ഉണ്ട് .<br><br>തെക്കെക്കൊല്ലംകോട് മത്സ്യ ഗ്രാമത്തിലെ ശബരിയാർ മേരി സ്റ്റെല്ല, ഷിബു വിനോദിനി, ആരോഗ്യദാസ്, രമ്യ എന്നിവരും വലിയതുറ മത്സ്യഗ്രാമത്തിലെ സെൽവിയുടെ കുടുബവുമാണ് ആറു മാസത്തിൽ അധികമായി ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നത്. മത്സ്യത്തൊഴിലാളികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് കടൽത്തീരത്ത് വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്ന പുനർഗേഹം എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. സുനാമി വീട് ലഭിച്ച ശബരിയാർ മേരി സ്റ്റെല്ലയെ പുനർഗേഹം പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയില്ല. ഷിബു വിനോദിനി, ശബരിയാർ മേരി സ്റ്റെല്ലയുടെ ഉപകുടുംബമായി വരുന്നതിനാൽ ഇവരേയും പ്രസ്തുത പദ്ധതിയിൽ പരിഗണിക്കുവാൻ കഴിയുകയില്ല.<br><br>ആരോഗ്യദാസ്, രമ്യ എന്നിവർ തെക്കെക്കൊല്ലംകോട് ഫിഷർമെൻ കോളനിയിൽ 50 മീറ്ററിനുള്ളിൽ വീടുള്ള അന്തോനിയാർപ്പിച്ചയുടെ ഉപകുടുംബമാണ്. എന്നാൽ അന്തോനിയാർപ്പിച്ച പുനർഗേഹം പദ്ധതിയിൽ പങ്കാളിയാകാൻ വിസമ്മതിച്ചതിനാൽ ഉപകുടുംബത്തെ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. വലിയതുറ മത്സ്യഗ്രാമത്തിലെ സെൽവിയുടെ കുടുംബത്തെ |

| | | | |
|---|---|---|---|
| | | | മുട്ടത്തറഫ്ലാറ്റ് നിർമാണം പൂർത്തിയാവുന്ന മുറക്ക് പുനരധിവസിപ്പിക്കുന്നതാണ്. |
| (ബി) | ഈ വിഷയത്തിൽ പുനരധിവാസം സാധ്യമായില്ലെങ്കിൽ ദുരിതാശ്വാസ ക്യാമ്പുകളിലും ബന്ധു വീടുകളിലും മറ്റും താമസിക്കുന്നവരെ അതതു പ്രദേശങ്ങളിൽ വാടകയ്ക്ക് വീടുകൾ കണ്ടെത്തി താല്ക്കാലികമായി പുനരധിവസിപ്പിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | തീരപ്രദേശങ്ങളിൽ കടൽക്ഷോഭവും മറ്റ് കാരണങ്ങൾ കൊണ്ടും വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റി പുനരധിവസിപ്പിക്കുന്നതിന് ഫിഷറീസ് വകുപ്പ് പുനർഗേഹം എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ